# മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്

## 2026 – 27 ബജറ്റ്

### ആമുഖ പ്രസംഗം

ബഹുമാന്യരെ,

മൊഗ്രാൽ പുത്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് അവതരണത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരിക്കുന്ന എല്ലാവർക്കും നമസ്ക്കാരം.

നാം 14-ാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. ലഭ്യമാകുന്ന പരിമിതമായ വിഭവങ്ങളെ കൊണ്ട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമവും പഞ്ചായത്തിന്റെ പരമാവധി വികസനവും സാദ്ധ്യമാക്കുന്ന ഒരു സാമ്പത്തിക രൂപരേഖ അവതരിപ്പിക്കുകയാണ് ബജറ്റിലൂടെ ചെയ്യുന്നത്.

മൊഗ്രാൽ ഗ്രാമപ്പഞ്ചായത്തിന്റെ സമഗ്ര വികസനമാണ് ലക്ഷ്യം. നിലവിലെ സമ്പന്നമായ പദ്ധതികൾ നിലനിർത്തിയും കാലഘട്ടത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചും നമ്മുടെ ഗ്രാമത്തിന്റെ സമ്പൽ സമൃദ്ധിയും ഐശ്വര്യവും നടപ്പിലാക്കേണ്ടതുണ്ട് അതിനായുള്ള എളിയ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് നാം പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും നിർവ്വഹണ പ്രവർത്തനങ്ങളും ഇപ്പോൾ നടത്തിവരുന്നത്.

ദേശീയപാത വികസനം മൂലം ഇല്ലാതാകുന്ന കൃഷിഭവൻ കെട്ടിടത്തിനു പകരമായി നമുക്ക് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട് നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ ആശ്രയമായ മൊഗ്രാൽ പുത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി നാം ഇടപെട്ട് പ്രോജക്ടുകൾ രൂപീകരിക്കേതുണ്ട്. വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്കാവശ്യമായ മരുന്നുകൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടിയും നാം പ്രവർത്തിക്കേണ്ടതുണ്ട് ഗ്രാമീണ റോഡുകളുടെ പുന:രുദ്ധാരണം, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി, തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം, വനിതാ സൗഹൃദ പദ്ധതികൾ, വികലാംഗ ക്ഷേമപദ്ധതികള് തുടങ്ങിയവ ഉറപ്പ് വരുത്തിയും ഭാവിയിൽ നാം മുന്നേറേണ്ടതുണ്ട് അതിനായി തയ്യാറാക്കിയ ഈ ബജറ്റ് പ്രാവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഭരണസമിതി മുമ്പാകെ ബജറ്റ് സമർപ്പിക്കുന്നു.

28.02.2026 അബ്ദുള്ളക്കുഞ്ഞി കെ എ

**പ്രസിഡന്റ്**

## *മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്*

## *2026-2027*

### *ബജറ്റ് പ്രസംഗം*

*മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പങ്കെടുത്തിരിക്കുന്ന എല്ലാ ബഹുമാന്യ ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നമസ്കാരം.*

*ഇന്ത്യൻ ഭരണഘടനയുടെ 202-ാം അനുച്ഛേദമനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ വരവ് - ചെലവ് സംബന്ധിച്ച സാമ്പത്തികരൂപരേഖ ഓരോ വർഷവും സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച് പാസാക്കേണ്ടതുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം 19ൽ 214-ാം വകുപ്പ് ബജറ്റിനെപ്പറ്റി വ്യക്തമായി നിർവ്വചിച്ചിരിക്കുന്നു.*

*ബജറ്റ് കേവലം വരവ് - ചെലവ് കണക്ക് മാത്രമല്ല - മറിച്ച് സാമ്പത്തിക, സാമൂഹ്യ മണ്ഡലങ്ങളിൽ പരിവർത്തനം നടത്തുന്ന ശക്തമായ സാമ്പത്തിക ഉപകരണം കൂടിയാണ്.*

*ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി 2026-27 വർഷത്തേക്കുള്ള ബജറ്റ് മഹനീയമായ ഈ സഭയ്ക്ക് മുമ്പാകെ ഞാൻ സന്തോഷപൂർവ്വം അവതരിപ്പിക്കട്ടെ.*

***പഞ്ചായത്ത്***

*ഗ്രാമമുഖ്യൻമാരുടെ സഭ – പൗര പ്രധാനികളായ 5 പേർ കൂടിയാണ് കാര്യങ്ങൾ ചർച്ച ചെയ്തിരുന്നത് - പഞ്ചായത്തിന്റെ ആദികാല രൂപം അതായിരുന്നു. നിലവിൽ അധികാരം ജനങ്ങളിലേക്ക് കൈമാറുന്ന അവസ്ഥയിൽ എത്തി. അതിനായി ഉണ്ടാക്കിയ പഞ്ചായത്ത് രാജ് നിയമവും അതിന്റെ പ്രയോഗവും അതിൽ കേരളം കൈവരിച്ച നേട്ടവും അസൂയാവഹം തന്നെയാണ്. നമ്മുടെ ഗ്രാമത്തിന്റെ വളർച്ച നല്ല രൂപത്തിൽ ഉയർത്തിക്കൊണ്ടുവരുവാൻ നമുക്ക് സാധിച്ചിട്ടുണ്ട് . ഇനിയും നാം ബഹുദൂരം നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നേറേണ്ടതുണ്ട്.*

*ബജറ്റിന് 4 തലങ്ങളാണുള്ളത്.*

1. *ബജറ്റിനായുള്ള മുന്നൊരുക്കം*
2. *ബജറ്റിന്റെ അംഗീകാരം*
3. *ബജറ്റിന്റെ നിർവ്വഹണം*

4. ബജറ്റിന്റെ പുന:പരിശോധന

നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവുമുണ്ടെങ്കിൽ മാത്രമേ വിജയം സുനിശ്ചിതമാകൂ. അതിനായി ദീർഘവീക്ഷണത്തോടെ, ആധുനിക കാലഘട്ടത്തിന്റെ നന്മകളെ ചേർത്തുവെച്ചും തിന്മകളെ പ്രതിരോധിച്ചും മാത്രമേ നമുക്ക് മുന്നേറാൻ കഴിയൂ. ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതക്കനുസരിച്ച് വൈവിദ്ധ്യങ്ങളായ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയണം. നമ്മുടെ ഗ്രാമത്തിന്റെ വർത്തമാനകാല വളർച്ചയും ഭാവിയുടെ ശോഭനമായ പ്രതീക്ഷയും നമ്മുടെ ബജറ്റിലൂടെ ഗ്രാമജനതയുടെ മുന്നിൽ സമർപ്പിക്കാം

നമ്മൾ 14-ാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതിയിലേക്ക് കടക്കുകയാണ്. വിവിധ മേഖലകളുടെ സമഗ്രവികസനവും സാമൂഹ്യക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റാണ് 2026-27 വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തിന് ലഭ്യമായ വിഭവങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് പ്രസിഡന്റ് ആമുഖ പ്രസംഗത്തിൽ പരാമർശിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും തനത് വരുമാനവും കൂടിച്ചേർന്നതാണ് നമ്മുടെ വിഭവസ്രോതസ്സ്. ബജറ്റിന്റെ വിഭവസ്രോതസ്സുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബജറ്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

## <u>വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ</u>

### <u>കാർഷിക മേഖല</u>

കാർഷിക മേഖലയ്ക്ക് വലിയ പരിഗണനയാണ് ഈ ബജറ്റിൽ നൽകിയിട്ടുള്ളത്. കാർഷിക രംഗത്തെ പ്രവർത്തനം കൂടുതൽ മെച്ചമാക്കുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കും. തൊഴിലുറപ്പ് പദ്ധതിയുമായി കാർഷികമേഖല പ്രവർത്തനങ്ങൾ സംയോജിപ്പിക്കും. നെല്ല് , വാഴ, തെങ്ങ്, കവുങ്, പച്ചക്കറി, തുടങ്ങി കൃഷി പ്രോത്സാഹനത്തിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട് കാർഷിക മേഖലയുടെ വളർച്ചയ്ക്കായി തൊഴിലുറപ്പ് പദ്ധതിയിലെ പ്രോജക്ടുകൾ കൂടാതെ തന്നെ 72.55000 രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മുഴുവൻ വീടുകളിലും അടുക്കള പച്ചക്കറിത്തോട്ടം ഉണ്ടാക്കുവാൻ പ്രോജക്ട് ഏറ്റെടുക്കുന്നുണ്ട്

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | കവുങ്ങുകൃഷിക്ക് ജൈവവളം | 700000 |
| 2 | നെൽകൃഷി വികസനം | 375000 |
| 3 | തെങ്ങ് കൃഷിക്ക് ജൈവവളം | 2485000 |
| 4 | പച്ചക്കറി കൃഷി മൺചട്ടി വിതരണം - വനിത | 500000 |
| 5 | പച്ചക്കറി സ്ഥിരം കൃഷി വനിത | 440000 |
| 6 | വീട്ടമ്മമാർക്ക് പോഷകതോട്ടം | 470000 |
| 7 | പഞ്ചായത്ത് വിവിധ പ്രദേശത്ത് സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 300000 |
| 8 | ഔഷധ സസ്യ വിതരണം | 50000 |
| 9 | നെൽ നയൽ തോട്ടങ്ങൾക്ക് സൈഡ് പ്രൊട്ടക്ഷൻ | 600000 |
| 10 | പച്ചക്കറി സ്ഥിരം കൃഷി എസ് സീ പീ | 50000 |
| 11 | അംഗനവാടി പോഷകവാടി | 100000 |

***മൃഗസംരക്ഷണം ക്ഷീര വികസനം***

*മൃഗസംരക്ഷണം, ക്ഷീരമേഖല എന്നിവയുടെ വളർച്ചയ്ക്കായി കാലിത്തീറ്റ സബ്സിഡി, മുട്ടക്കോഴി വളർത്തൽ , ക്ഷീരകർഷകർക്ക് പാൽ സബ്സിഡി, ധാതുലവണ മിശ്രിതം തുടങ്ങിയ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | ധാതുലവണ മിശ്രിതം വിരമരുന്നു വിതരണം | 105000 |
| 2 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം | 450000 |
| 3 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 |

| | | |
|---|---|---|
| 4 | മുട്ടക്കോഴി വിതരണം - WOMEN | 300000 |

## *ശുചിത്വം മാലിന്യ സംസ്ക്കരണം*

*മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് വലിയ പ്രാധാന്യം നൽകുന്നുണ്ട്. പ്ലാസ്റ്റിക് നിർമ്മാർജനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക വകയിരുത്തി ശുചിത്വ - മാലിന്യ സംസ്ക്കരണ മേഖലയിൽ വലിയ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | ക്ലീൻ പഞ്ചായത്ത് ഗ്രീൻ പഞ്ചായത്ത് | 1300000 |
| 2 | ഹരിതസഹായ സംഘം തുക നൽകൽ | 1000000 |
| 3 | ഹരിത കർമ സേന യൂസർഫീ അടവാക്കുന്ന പദ്ധതി | 50000 |
| 4 | പുതിയപള്ളി റോഡ് ഓവുചാൽ സ്ലാബ് | 200000 |
| 5 | മിത്തടി ഡ്രൈനേജ് കവറിംഗ് സ്ലാബ് | 500000 |
| 6 | പെർണടുക്ക മുതൽ കൂഡ്ലു വരെ റോഡ് സൈഡ് ഡ്രൈനേജ് നിർമ്മാണം | 400000 |
| 7 | ഗുഡ്ഡെ ടെമ്പിൾ വയൽ റോഡ് ഡ്രെയിനേജ് കവറിംഗ് സ്ലാബ് | 300000 |
| 8 | ആസാദ് നഗർ ബ്ലാർക്കോട് റോഡ് സൈഡ് ഡ്രൈനേജ് | 300000 |
| 9 | മൊഗ്രാൽ പുത്തൂർ ജി.എച്ച് എസ് എസ് റോഡ് ഡ്രെയിനേജ് പൂർത്തീകരണം | 500000 |
| 10 | പന്നക്കുന്ന് ശിരിബാഗിലു റോഡ് നീയർ ജി.യു.പി.എസ് ഡ്രെയിനേജ് പൂർത്തീകരണം | 150000 |
| 11 | അർജാൽ കുളം നായർ തോട് വൃത്തിയാക്കൽ | 150000 |
| 12 | മുണ്ടേക്ക ഡ്രയിനേജ് പ്രവൃത്തി പൂർത്തീകരണം | 400000 |
| 13 | പി.എച്ച് അബ്ബാസ് ഹാജി റോഡ് ഡ്രെയിനേജ് കം സ്ലാബ് നിർമ്മാണം | 400000 |
| 14 | ബള്ളൂർ നോർത്ത് ബള്ളൂർ ഓവുചാൽ കവറിംഗ് സ്ലാബ് | 300000 |

**ശുദ്ധജല വിതരണം**

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ പൊതു ടാപ്പുകളിലൂടെയുള്ള ശുദ്ധജലവിതരണത്തിന്റെ കുടിവെള്ളക്കരം അടക്കുന്നതിനായി 425000 രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടു. ജലജീവൻ പദ്ധതി തുടര് **വർഷങ്ങളിൽ** നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് ലക്ഷ്യമിടുന്നു. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി നിർമ്മിക്കുന്ന 6 കുടിവെള്ള പദ്ധതികൾക്കായി 28 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമെ വരൾച്ച ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ജി.പി.എസ് ഘടിപ്പിച്ച വാഹനത്തില് കുടിവെള്ളവിതരണം ചെയ്യുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്

പ്രധാന പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | വരള്ച്ച ദുരിതാശ്വാസം ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളില് കുടിവെള്ള വിതരണം | 1026100 |
| 2 | കാവുഗോളി കുടിവെള്ള പദ്ധതി | 100000 |
| 3 | അരഫാത്ത് നഗർ പൊതുകിണർ നവീകരണം | 100000 |
| 4 | പെർണടുക്ക എസ്.സി കോളനി കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ, മോട്ടോർ സ്ഥാപിക്കൽ | 100000 |

**വിദ്യാഭ്യാസം**

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് എസ് സി വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായങ്ങള് കല് സർവ്വ

*ശിക്ഷാ അഭിയാന് തുക നൽകൽ, സാക്ഷരത തുല്യത പരീക്ഷ, പി.എസ്.സി.പരിശീലനം, തുടങ്ങിയവക്കായി തുക വകയിരുത്തിയിട്ടുണ്ട്*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | എസ്.എസ്.എ വിഹിതം അടവാക്കൽ | 500000 |
| 2 | എൽ.പി. യു.പി സ്കൂൾ കുട്ടികൾക്ക് ഈസി ഇംഗ്ലീഷ് കോഴ്സ് | 50000 |
| 3 | സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം | 100000 |
| 4 | കലാകായിക രംഗ്ത്ത് കുട്ടികൾക്ക് പ്രതിഭാസംഗമം | 50000 |
| 5 | വനിതകൾക്ക് പി.എസ്.സി കോച്ചിംഗ് | 100000 |

***യുവജനസൗഹാർദപദ്ധതികൾ***

*രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വാങ്ങി നൽകുന്നതിനായി 2 ലക്ഷം രൂപ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട് കേരളോത്സവം നടത്തുന്നതിനായി 150,000/ രൂപ വകയിരുത്തിയിട്ടുണ്ട്*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് | 2,00000 |
| 2 | കേരളോത്സവം | 1,50000 |
| 3 | കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകൃത ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വിതരണം | 140000 |

***ആരോഗ്യം***

*എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യ മേഖലയ്ക്ക് വലിയ പ്രാധാന്യം ഈ ബജറ്റ് നൽകുന്നുണ്ട്. ഗൃഹകേന്ദ്രീകരണ പരിചരണ പദ്ധതി, മരുന്ന് വാങ്ങൽ പദ്ധതി എന്നിവക്കായി ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.*

# പ്രധാന പ്രൊജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 500000 |
| 2 | സാന്ത്വന പരിചരണം | 1300000 |
| 3 | വൃക്കരോഗികൾക്കാവശ്യമായ മരുന്നുകളും ഡയലൈസറും വാങ്ങൽ | 650000 |
| 4 | മെൻസ്ട്രൽ കപ്പ് വിതരണവും ബോധവല്ക്കരണവും | 50000 |
| 5 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 800000 |
| 6 | ഗവ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 400000 |

***സമ്പൂർണ്ണ ഭവനപദ്ധതി***

*ലൈഫ് ഭവനപദ്ധതിയിൽ* ലൈഫ് ഫേസ് 2, ഫേസ് 3, ലൈഫ്അഡീഷണല് എസ്‌സി/എസ്ടി , ലൈഫ് 2020, എസ്‌സി/എസ്ടി /ജനറല് എന്നീ പട്ടികകളില് നിന്ന് 168 *വീടുകൾ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ചു നൽകിയിട്ടുണ്ട് അതിൽ 134 ഭവനങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി. ബജറ്റ് വർഷത്തിൽ ഭൂരഹിത ഭവനരഹിതരായ 30 പേർക്കു കൂടി ആനുകൂല്യം നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലൈഫ് മിഷൻ ഭനപദ്ധതിക്കായി 36,86,000 രൂപ, ബജറ്റിൽ വകയിരുത്തുന്നു. ഭവന പുനരുദ്ധാരണത്തിനായി ജനറൽ വിഭാഗത്തിന് 20 ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് 6 ലക്ഷം രൂപയും ഈ ബജറ്റിൽ വകയിരുത്തുന്നു.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | ലൈഫ് ഭവന നിർമാണം (എസ്.സി ഉൾപ്പെടെ) | 36,86,000 |
| 2 | വീട് വാസയോഗ്യമാക്കൽ(ജനറൽ) | 20,00,000 |
| 3 | വീട് വാസയോഗ്യമാക്കൽ(വനിത) | 7,50,000 |
| 4 | വീട് വാസയോഗ്യമാക്കൽ(പട്ടികവർഗ്ഗം) | 88,000 |
| 5 | ലൈഫ് മിഷൻ ഭവന നിർമ്മാണം ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ | 20,00,000 |

| | | |
|---|---|---|
| | ധനസഹായം - പൊതുവിഭാഗം | |
| 6 | വീട് വാസയോഗ്യമാക്കൽ (എസ്.സി) | 6,00,000 |

*വനിതാസൗഹാർദ പദ്ധതികൾ*

*വനിതാ ക്ഷേമത്തിന് വലിയ പരിഗണന ബജറ്റിൽ നൽകിയിട്ട്. വനിത ക്ഷേമ പദ്ധതിക്കായി 27,20,000 ലക്ഷം രൂപ ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | മുട്ടക്കോഴി വളർത്തൽ - WOMEN | 300000 |
| 2 | സ്നേഹിത കാളിംഗ് ബെല് കുടുംബശ്രീ | 50000 |
| 3 | വീട് വാസയോഗ്യമാക്കൽ - വനിത | 750000 |
| 4 | അടുക്കള തോട്ടത്തിന് പ്രോത്സാഹനം- വനിത | 20000 |
| 5 | മെൻസ്ട്രല് കപ്പ് വിതരണവും ബോധവല്ക്കരണവും | 50000 |

*ബാലസൗഹാർദ പദ്ധതികൾ*

*അങ്കണവാടി കുട്ടികളുടെ പൂരകപോഷകാഹാരത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | അങ്കണവാടി പോഷകാഹാരം | 10,00,000 |
| 2 | ബാലസഭ | 50,000 |
| 3 | അങ്കണവാടി കലാമേള | 30000 |
| 4 | അംഗൻവാടികൾക്ക് ആവശ്യമായ കളിയുപകരണങ്ങൾ, പാത്രങ്ങൾ | 300000 |

*ഭിന്നശേഷിസൗഹാർദ പദ്ധതികൾ*

*ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്, ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ, ഉല്ലാസയാത്ര തുടങ്ങിയ പ്രോജക്ടുകൾ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.* ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 200000 രൂപ വകയിരുത്തിയിട്ടുണ്ട്.

*പ്രധാന പ്രോജക്ടുകൾ*

| **ക്രമ നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|
| 1 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1200000 |
| 2 | ഭിന്നശേഷി കുട്ടികൾക്ക് ഉല്ലാസയാത്ര | 200000 |
| 3 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് | 900,000 |

***വയോജന സൗഹാർദ പദ്ധതികൾ***

*വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ബജറ്റിൽ 210000 രൂപ വകയിരുത്തിയിട്ടുണ്ട്*

*പ്രധാന പ്രോജക്ടുകൾ*

| **ക്രമ നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ | 210000 |
| 2 | വയോജന സംഗമം | 100000 |

## ***തെരുവ് വിളക്കുകൾ***

*നിലവിലുള്ള എല്ലാ തെരുവ് വിളക്കുകളും എൽ ഇ ഡി ബൾബുകളാക്കി മാറ്റുന്നതാണ്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള തെരുവ് വിളക്കുകൾ*

*മെയിന്റനൻസ് ചെയ്യുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതാണ്.*

*വിവിധ വാർഡുകളിൽ പുതിയ സ്ട്രീറ്റ് ലൈൻ* വലിക്കുന്നതിനും മിനി മാസ്റ്റ് ലൈറ്റ് **സ്ഥാപിക്കുന്നതിനും** തുക *ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| **ക്രമ നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് നന്നാക്കൽ - മിനി മാസ്റ്റ് ലൈറ്റ് ഉൾപ്പെടെ | 700000 |
| 2 | സ്ട്രീ ലൈറ്റ് സ്ഥാപിക്കൽ | 800000 |
| 3 | പഞ്ചായത്തിലെ വിവിധ പ്രദേശത്ത് സോളാർ ലൈറ്റ് സ്ഥാപിക്കൽ | 300000 |
| 4 | പഞ്ചായത്ത് വിവിധ വാർഡുകളിൽ ലോമാസ്റ്റ് സ്ഥാപിക്കൽ | 2500000 |

***മത്സ്യബന്ധന മേഖല***

*മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് , മുറ്റത്ത് മീൻ കൃഷി എന്നിവ വാങ്ങി നൽകുന്നതിനായി രൂപ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| **ക്രമ നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|
| 1. | മുറ്റത്തൊരു മീൻ തോട്ടം | 80000 |
| 2 | മത്സ്യത്തൊഴിലാളി കളുടെ മക്കളായ ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | 150000 |

***സദ്ഭരണം (പൊതുജനസൗഹാർദം)***

*പഞ്ചായത്തിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും തൃപ്തികരമായ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിലേക്കായി പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്*

പ്രധാന പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | ഐകെഎം ടെക്നിക്കൽ സപ്പോർട്ട് ചാർജ് | 150000 |
| 2 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ പ്രിന്റർ , മറ്റ് അനുബന്ധഉപകരണങ്ങൾ വാങ്ങൽ | 200000 |
| 3 | പദ്ധതി ആസൂത്രണ മോണിറ്ററിംഗ് നിർവ്വഹണ ചെലവുകൾ | 500000 |

## *മികച്ച സേവനവും സൗകര്യവും*

*ഗ്രാമപഞ്ചായത്ത് ഓഫീസിലും ഘടകസ്ഥാപനങ്ങളിലും അടിസ്ഥാനസൗകര്യം വികസിപ്പിക്കും. ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കും.. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ , കമ്പ്യൂട്ടർ അനുബന്ധ ഉപകരണം എന്നിവ വാങ്ങും.. പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തും. സോഷ്യൽ മീഡിയ പ്രചാരണത്തിന് പ്രത്യേകസംഘത്തെ നിയോഗിക്കും.*

***പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം***

*പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം,* പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം കോളനി റോഡ് **പുനരുദ്ദാരണം** ഡ്രെയിനേജ് കവറിംഗ് **സ്ലാബ്** സ്ഥാപിക്കല് , *പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് തുടങ്ങിയ പ്രോജക്ടുകളിലായാണ് തുക വകയിരുത്തിയിട്ടുള്ളത്.*

പ്രധാന പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | പട്ടികജാതി വനിതകൾക്ക് വിവാഹധനസഹായം | 300000 |
| 2 | പ്രൊഫഷണൽ കോളേജ് വനിതാ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 200000 |

| | | |
|---|---|---|
| 3 | എസ്.സി.വിദ്യാർത്ഥികൾക്ക് പി.എസ്.സി കോച്ചിംഗ് | 100000 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര | 200000 |
| 5 | എസ്.സി.കോളനി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 400000 |
| 6 | പെർണടുക്ക എസ്.സി കോളനി കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ, മോട്ടോർ സ്ഥാപിക്കൽ | 100000 |
| 5 | ഭവനപുനരുദ്ദാരണം പട്ടികജാതി | 600000 |

***പശ്ചാത്തല മേഖല***

*പശ്ചാത്തല മേഖലയിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും നടപ്പാതകളുടെയും തെരുവ് വിളക്കുകളുടെയും വികസനത്തിനായി ബജറ്റിൽ തുക നീക്കി വെച്ചിട്ടുണ്ട് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നടപ്പാത പോലെയുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾക്കും ഈ ബജറ്റ് ലക്ഷ്യമിടുന്നു. പൊതു കെട്ടിടങ്ങളുടെയും തെരുവ് വിളക്കുകളുടെയും മറ്റ് റോഡിതര ആസ്തികളുടെയും സംരക്ഷണത്തിനും നടത്തിപ്പിനുമായി തുക നീക്കി വെച്ചിട്ടുണ്ട്.*

*പ്രധാന പ്രോജക്ടുകൾ*

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | പാലങ്ങളും കലുങ്കുകളും | 7134000 |
| 2 | വിവിധ റോഡുകളുടെ നിർമ്മാണവും ന വീകരണവും | 11973000 |

***മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി***

*ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ബജറ്റ് വർഷം 2 കോടിയലധികം രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തോട് വെട്ടി ശുചിയാക്കൽ, പച്ചക്കറി കൃഷി, തീറ്റപ്പുൽ കൃഷി, ഫലവൃക്ഷത്തൈ നടീൽ, ഡ്രൈനേജ് നിർമ്മാണം, ഭൂവികസനം, തോട് കല്ലുകെട്ടി സംരക്ഷിക്കൽ, കോൺക്രീറ്റ് റോഡ് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളിലായാണ് തുക ചെലവഴിക്കുന്നത്. ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, സോക് പിറ്റ് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ട്.*

***വിവിധ ക്ഷേമ പെൻഷനുകൾ***

*മൊഗ്രാൽ പുത്തൂർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും നിലവിൽ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ*

| | |
|---|---|
| *വാർദ്ധക്യകാല പെൻഷൻ* | *:1384* |
| *കർഷകത്തൊഴിലാളി പെൻഷൻ* | *: 19* |
| *വിധവപെൻഷൻ* | *: 1290* |
| *50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ* | *: 11* |
| *വികലാംഗ പെൻഷൻ* | *:458* |
| ***ആകെ*** | *:3162* |

*ഇത്രയും ഗുണഭോക്താക്കൾക്ക് 2000/- രൂപ വീതം പ്രതിവർഷം പെൻഷൻ നൽകുന്നതിനായി 7,58,88000 രൂപ ആവശ്യമുണ്ട് ഇനിയും അംഗീകരിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി 2026-27 വർഷത്തേക്കായി 8 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.*

*സ്തീസുരക്ഷ പെൻഷൻ 1000/- രൂപ വീതം പ്രതിവർഷം 1212 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി 1212000 രൂപ ബജറ്റിൽ വകയിരുത്തുന്നു.*

## *ലഹരിക്കെതിരെ*

*ലഹരിയുടെ ഭീകരവാഴ്ചകളുടെ വാർത്തകൾ കേട്ടാണ് ഓരോ ദിവസവും മലയാളി ഉണരുന്നത് ഇനിയും തരിച്ച് നിൽക്കാനാകില്ല.. എല്ലാ തലങ്ങളിലുമുള്ള ഇടപെടൽ ആവശ്യമാണ് . സാധ്യമായ വഴികളെല്ലാം തേടണം . മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ലഹരിവിരുദ്ധ ക്യാമ്പയിന് തുടക്കം കുറിക്കും . ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും വ്യക്തികളിലേക്കും ഇറങ്ങിയുള്ള പ്രവർത്തനം ആസൂത്രണം ചെയ്യും .*

## അതിദരിദ്രർക്കായി

അതിദരിദ്രലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ ഭൂരഹിത ഭവനരഹിതരായ എല്ലാവർക്കും ഈ വർഷം ഭൂമിയും വീടും ഉറപ്പാക്കും . ഇവരുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പാക്കും . അതിദരിദ്രകുടുംബങ്ങളിലെ രോഗികൾക്ക് കൃത്യമായി മരുന്നും ലാബ് ടെസ്റ്റും ഭക്ഷണം, ഭക്ഷണക്കിറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കും .

## കൂടെയിരിക്കാം വീട്ടിലെങ്കിലും

ഗൃഹാന്തരീക്ഷത്തിൽ വന്ന വലിയ മാറ്റങ്ങൾ പുതിയ തലമുറയുടെ രീതി.യിലും സാമൂഹ്യക്രമത്തിലും ബന്ധങ്ങളുടെ തോതിലും വലിയ വ്യതിയാനങ്ങൾ ഉണ്ടാക്കുന്നുണ്ട്. കൂടുമ്പോൾ ഇമ്പം ഉണ്ടാക്കുന്നാതാണ് കുടുംബങ്ങൾ . എന്നാൽ ഇന്ന് തീൻമേശയിൽ പോലും ഒരുമിച്ച് കൂടാത്തവർ ആയി ഒരു കുടുംബത്തിലെ അംഗങ്ങൾ പരസ്പരം വേറിട്ടുനിൽക്കുന്നു.. ഒന്നിച്ച് ഉണ്ണുക , ഒന്നിച്ച് സംസാരിക്കുക തുടങ്ങിയ ശീലങ്ങൾ എല്ലാം വീടുകളിൽ കുറഞ്ഞ് വരുന്നു. നവമാധ്യമങ്ങളിലേക്ക് മുഖം കുത്തിയിരിക്കുന്ന കുടുംബത്തിലെ അംഗങ്ങൾ പരസ്പരം അന്യവൽക്കരിക്കപ്പെടുന്നവരായി മാറുന്നു. ഒറ്റപ്പെടലിന്റെ ഇത്തരം സാഹചര്യങ്ങൾ വിദ്യാർത്ഥികളെ ലഹരികളിലേക്കും മറ്റ് ക്രിമിനൽ സ്വഭാവങ്ങളിലേക്കും വളരെ വേഗം അടുപ്പിക്കുന്നുണ്ട് . ഇതിനെതിരെ അങ്കണവാടികൾ കേന്ദ്രീകരിച്ച് പ്രത്യേക ചർച്ചകളും മുഖാമുഖം പരിപാടികളും സംഘടിപ്പിക്കും. വീട്ടുകലണ്ടർ ചിട്ടപ്പെടുത്തുന്നതിന് ഗൃഹനാഥകളെ പര്യാപ്തമാക്കുന്ന രീതിയിലുള്ള പരിപാടികൾ സംഘടിപ്പിക്കും .

## വിഭവ സമാഹരണം

വികസന ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിഭവസമാഹരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് പരിമിതമായ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് നാം ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വികസന ഫണ്ട് ( ജനറൽ ) 2,84,31000/-, വികസന ഫണ്ട് ( എസ്സ് സി പി ) 35,09,000/- , വികസന ഫണ്ട് ( ടി എസ് പി ) 88000/-, ( റോഡിതരം ) 1,19,73,000, മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) 1,24,24,000/- പൊതു ആവശ്യഫണ്ട് 21475000./- എന്നിങ്ങനെയാണ് സംസ്ഥാന ബജറ്റിൽ നമുക്ക് തുക നീക്കിവെച്ചിട്ടുള്ളത്.

നികുതി വരവ് 8552645/- നികുതി ഇതര ഇനങ്ങളിലെ വരവ് 7630000/- സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾക്ക് സംസ്ഥാന വിഹിതം 8 കോടി, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര വിഹിതം 3.5 കോടി തുടങ്ങിയ ഇനങ്ങളിൽ ബജറ്റ് വർഷം വരവ് പ്രതീക്ഷിക്കുന്നു. വിശദമായ വരവ് ചെലവ് വിവരങ്ങൾ ബജറ്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

# ഉപസംഹാരം

*ബഹുമാനപ്പെട്ട സഹപ്രവർത്തകരെ ,*

*പതിനഞ്ച് വാർഡിലെ ഗ്രാമസഭകളിലൂടെയും വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിലൂടെയും നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിൽ പങ്കാളികളാകുവാൻ നമുക്ക് സാധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ പരിശീലനങ്ങളിലൂടെ കുറേയധികം കാര്യങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് സാധിച്ചു.* നമ്മുടെ മുന്നിൽ *വലിയ ഉത്തരവാദിത്വമാണുള്ളത്. എം പി, എം എൽ എ ഫണ്ടുകളും സർക്കാർ ഫണ്ടും സ്കീമുകളുമെല്ലാം നേടിയെടുക്കുന്നതിന് വിവിധ പദ്ധതികൾക്ക് രൂപം നൽകണം.*

*നവീന ആശയങ്ങളിലൂടെയുള്ള പദ്ധതികൾ രൂപപ്പെടുത്തി മൊഗ്രാൽ പുത്തൂർ ഗ്രാമപ്പഞ്ചായത്തിനെ നമ്പർ വൺ ഗ്രാമപ്പഞ്ചായത്തായി ഉയർത്തുക എന്നതായിരിക്കണം നമ്മുടെ പ്രധാന ലക്ഷ്യം. അതിന് വിവിധ പദ്ധതികൾ നന്നായി നടപ്പിലാക്കുവാൻ നമുക്ക് കഴിയണം.* മൊഗ്രാല് *പുത്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ സമഗ്രവികസനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്ന ഒരു വികസനപരിപ്രേക്ഷ്യം കൂടിയായി ഈ ബജറ്റ് മാറുമെന്ന് കരുതുന്നു. നമ്മുടെ ഗ്രാമപ്പഞ്ചായത്തിനു വേണ്ടി 2026-27 വർഷത്തേക്കുള്ള ബജറ്റ് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.*

# <u>*നന്ദി*</u>

*ബജറ്റിന്റെ രൂപീകരണത്തിനായി* പ്രത്യക്ഷമായും പരോക്ഷമായും *സംഭാവനകൾ ചെയ്തവർ നിരവധിയാണ്. നമ്മുടെ ഗ്രാമസഭകളിൽ തങ്ങളുടെ ജീവിതാവസ്ഥകൾക്ക് പരിഹാരം അഭ്യർത്ഥിച്ച് സംസാരിച്ച ഏറ്റവും ദുർബലരായ - നിരാലംബരായവരുടെ വേദനകൾ, നിരവധി വർഷങ്ങളായി സാമൂഹ്യ - രാഷ്ട്രീയ - സാംസ്ക്കാരിക - ഔദ്യോഗിക മേഖലകളിൽ സേവനം ചെയ്യുന്ന ഗ്രാമപ്പഞ്ചായത്തിലെ പൗരപ്രമുഖർ, വിവിധ മേഖലകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഇതിന്റെയെല്ലാം ഭാഗമായിട്ടാണ് നമ്മുടെ ബജറ്റ് രൂപകൽപ്പന ചെയ്യുവാൻ സാധിച്ചത്. അവരോടെല്ലാമുള്ള നന്ദി രേഖപ്പെടുത്തുന്നു. ബജറ്റ് ഈ വിധത്തിൽ അവതരിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി, അതിന്റെ പ്രസിഡന്റ് അബ്ദുള്ളക്കുഞ്ഞി കെ എ സഹപ്രവർത്തകരായ പഞ്ചായത്ത് അംഗങ്ങൾ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.*

*ഗ്രാമപഞ്ചായത്ത് ഓഫീസിൽ ബജറ്റിന്റെ സെക്ഷൻ കൈകാര്യം ചെയ്യുന്ന അക്കൗണ്ടന്റ് ശ്രീമതി.രജിത കല്ലറ ക്ക് പ്രത്യേകം നന്ദി പറയുന്നു. കൃത്യമായ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്ഥിരസമിതി മുമ്പാകെ അവതരിപ്പിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റ് കണക്കുകൾ തയ്യാറാക്കുന്നതിൽ ആവശ്യമായ കാര്യങ്ങൾ നേരത്തെ തന്നെ തുടങ്ങുവാനും അത് പൂർത്തീകരിക്കുവാനും കഴിഞ്ഞത് എടുത്ത് പറയുന്നു. ധനകാര്യ സ്ഥിരംസമിതിയിലെ എന്റെ സഹപ്രവർത്തകരായ ശ്രീമതി.വാസന്തി, ശ്രീമതി.അയിശത്ത് സയിദ, ശ്രീ.ഹനീഫ് കടപ്പുറം എന്നിവരോട് ചെയർമാൻ എന്ന നിലയിൽ നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ സെക്രട്ടറി ശ്രീ.പ്രമോദ് റ്റി എസ് മറ്റ് സ്റ്റാഫംഗങ്ങൾ എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.*

*നമ്മുടെ ഗ്രാമത്തിന്റെ വികസന - ക്ഷേമ - സേവന ആരോഗ്യ മേഖലകളിൽ അതിന്റെ വളർച്ചയ്ക്ക് ഉപകരിക്കപ്പെടും എന്ന വിശ്വാസത്തോടെ തയ്യാറാക്കപ്പെട്ട ബജറ്റ് അഭിമാനത്തോടും അതിലുപരി വിനയത്തോടും സമർപ്പിച്ചുകൊള്ളുന്നു.*

*28.02.2026* ***അർഫാന നജീബ്***

***വൈസ് പ്രസിഡന്റ് & ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി***